V11:8
NO: 23

പൊതു വിദ്യാഭ്യാസ വകുപ്പ് **G-712**

# സർവ ശിക്ഷാ അഭിയാൻ കോഴിക്കോട്

## വാർഷിക മൂല്യനിർണ്ണയം 2011 – 2012

**ക്ലാസ്സ് : VII**

**വിഷയം : മലയാളം** **സമയം: 2 മണിക്കൂർ**

## അടിസ്ഥാന പാഠാവലി

**പ്രവർത്തനം: I**

മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധത്തിന്റെ യഥാർത്ഥമായ ആവിഷ്ക്കാരമാണ് "അമ്മയ്ക്കു നൽകുവാൻ" എന്ന കവിതയിൽ നമ്മൾ കാണുന്നത്.

"പിള്ളേരേനുള്ളി ഞാനെന്നങ്ങു ചൊല്ലീട്ടു
പീലികൊണ്ടെന്നെയടിച്ചാളമ്മ
കേണുകൊണ്ടന്നു വഴക്കായീ പോയിഞ്ഞാൻ
ഊണിനു വാരാതെ നിന്നനേരം
തെണ്ടമായന്നതിനന്നു നീ നൽകിന
കണ്ടിക്കഞ്ചേല മറക്കൊല്ലാതെ"- ഇപ്രകാരം നിങ്ങളുടെ ജീവിതത്തിലും മാതാപിതാക്കളുടെ ആഴത്തിലുള്ള സ്നേഹം അനുഭവിച്ചറിയാൻ സാധിച്ചിട്ടുണ്ടാവുമല്ലോ? അത്തരത്തിൽ ഒരനുഭവം കുറിക്കുക.

**പ്രവർത്തനം: II**

"ഒരിറ്റുവെള്ളത്തിനായി ജീവജാലങ്ങൾ പിടയുന്ന വേനൽക്കാലം. വറ്റിവരണ്ട് വിണ്ടുകീറിയ പാടം, മഴകാത്തിരിക്കുന്ന വേഴാമ്പൽപോലെ വിണ്ണിലേയ്ക്കു നോക്കുന്ന പുൽനാമ്പുകൾ; അവരിൽക്കനിഞ്ഞ് ഭൂമിയിലേയ്ക്ക് വെള്ളത്തുള്ളികളെ വർഷിക്കുന്ന മേഘക്കൂട്ടം".

വേനൽമഴയുടെ സൗന്ദര്യം ഒരു കവിതയാക്കൂ.

(8 വരി)

## പ്രവർത്തനം: III ✓

അലകടൽ പോലെ ആർത്തലച്ച ആരാധക വൃന്ദത്തെ ആഘോഷത്തിലാറാടിച്ച് വെള്ളിത്തിരയിലെ മിന്നും താരങ്ങൾ, അവരുടെ പ്രകടനത്തിൽ മതിമറന്ന് സ്റ്റേഡിയം ..... സൂപ്പർ താരം മോഹൻലാലിന്റെ കേരളപ്പട, ബോളിവുഡ് താരം സുനിൽഷെട്ടിയുടെ വമ്പൻ സേനയെ മുട്ടുകുത്തിച്ചു. ദന്ത ഡോക്ടർ കൂടിയായ രാജീവ് പിള്ളയ്ക്ക് പുറത്താകാതെ 75 റൺസ്"!

സിനിമാതാരങ്ങളും രാഷ്ട്രീയ പ്രതിനിധികളും കായിക രംഗത്തേയ്ക്ക് കടന്നുവരുന്നു. ഈ വാർത്തയോടുള്ള നിങ്ങളുടെ പ്രതികരണം കുറിപ്പാക്കുക.

## പ്രവർത്തനം: IV ✓

വേനൽക്കാലത്ത് ജലം തേടിപ്പോകുന്ന ഒറോതയേയും നാട്ടുകാരേയും നമ്മൾ കണ്ടു. ഇത് അവരുടെ മാത്രം പ്രശ്നമല്ല. ഇന്ന് നമ്മുടെ നാട്ടിൽ എല്ലായിടത്തും കാണുന്ന കാഴ്ചയാണിത്. "വേനലിൽ ഉരുകുന്ന കേരളം" എന്ന വിഷയത്തിൽ ഒരു ഉപന്യാസം തയ്യാറാക്കുക.

## പ്രവർത്തനം: V ✓

"കടവിൽ കയറ്റിവച്ചിരിക്കുന്ന കടത്തുവള്ളത്തിന്റെ
പിരിഞ്ഞ അമരത്ത് ഒന്നും ചെയ്യാനില്ലാതെ
മുട്ടിന്നിടയിൽ തല തിരുകിയിരിക്കുന്ന
കടത്തുകാരനെ ഞാൻ കണ്ടു.
..........................................................................................
..........................................................................................

വയലിന്റെ വാത്സല്യം പോലും വറ്റിയിരിക്കുന്നു
തവളകളുടെ കരച്ചിലുമില്ല
കരഞ്ഞു കരഞ്ഞു മഴ വരുത്തുന്ന തവളകൾ
അവയ്ക്കെന്തു പറ്റിക്കാണും ......

കടമ്മനിട്ടയുടെ 'വറുതിക്കാഴ്ചകൾ' പൊള്ളുന്ന ചില യാഥാർത്ഥ്യങ്ങളാണ് നമുക്ക് കാട്ടിത്തരുന്നത്.

"എല്ലാ ജീവജാലങ്ങൾക്കും ദോഷം വരുത്തുന്ന ജല ദൗർലഭ്യത്തിനു കാരണക്കാരൻ മനുഷ്യൻ തന്നെയാണ്." എന്ന പ്രസ്താവനയെ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.